ഉത്തരം.

(എ) ഉണ്ട്. അക്കേല്ലാമെന്നും, എത്ര ഏക്കർ വീതമെന്നുമുള്ള തിന്റെ വിശദമായ പട്ടിക † മേശപ്പുറത്തുവച്ചിരിക്കുന്നു.

(ബി) അപേക്ഷകൾ കിട്ടിയിട്ടുണ്ട്. 1117-ലും 1129-ലും പരിച്ചുകെട്ടിയിട്ടുള്ള ആളുകളിൽ ഏറ്റവും അർഹതയുള്ളവർക്ക് ഓരോ രുത്തർക്കും രണ്ടേക്കറിൽ കവിയാതെ പതിച്ചു കൊടുക്കുവാൻ നടപടി എടുത്തിട്ടുണ്ട്. വിത്തിറക്കാൻ ചെന്ന കൃഷിക്കാരെ പോലീസ് ലാത്തിച്ചാർജ്ജ് ചെയ്തതായി അറിവില്ല.

പത്തനംതിട്ട-കൈപ്പട്ടൂർ റോഡ്.

224. [29] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട താലൂക്കിൽ പത്തനംതിട്ട—കൈപ്പട്ടൂർ റോഡ് ടാർ ചെയ്യണമെന്നു കാണിച്ചു വല്ല നിവേദനവും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതെപ്പറ്റി എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഈ ജോലി രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

പനയമ്പാലത്തോട്.

225. [42] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) 2000 ഏക്കർ നിലങ്ങളുടെ കൃഷിസംരക്ഷണത്തിനാവശ്യമായ പനയമ്പാലത്തോട് അടുത്ത പഞ്ചവത്സരപദ്ധതിയിൽ എങ്കിലും വെട്ടിത്തുറക്കുവാനും വല്ല സർവ്വേയും നടത്താൻ ഏർപ്പാട് ചെയ്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പനയമ്പാലത്തോട് വെട്ടുന്നതിനാവശ്യമായ സർവ്വേയും മറ്റും നടത്തുന്നതിനു് എത്രയും വേഗം ഏർപ്പാടുകൾ ചെയ്യുമോ ?

ഉത്തരം.

(എ, ബി) ഉണ്ട്.

UNSTARRED QUESTIONS POSTED FOR ANSWER ON 31-3-1955.

റോഡ്.

226. [1] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര താലൂക്കിൽ പൊതുമരാമത്തുവകുപ്പിന്റെ അധീനതയിൽ എത്ര മൈൽ റോഡുണ്ട് ;

†Please see Appendix VIII.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവയിൽ ആധുനികരീതിയിൽ ഉപരിതലം കീലിട്ടിട്ടുള്ള എത്ര മൈൽ ദൂരമുണ്ട്; എവിടെയെല്ലാം?

ഉത്തരം.

(എ) 128 മൈൽ, 3 ഫർലാംഗ്, 582 അടി.

(ബി) 5 മൈൽ, 4 ഫർലാംഗ്, 495 അടി നീളം ഉപരിതലം കീൽ ഇട്ടിട്ടുണ്ട്. അവ :

1. നെയ്യാറിൻകര-കച്ചേരിറോഡ് 4 ഫർലാംഗ്,
2. ശ്രീകൃഷ്ണസ്വാമി കോവിലിലേയ്ക്കുള്ള അപ്രോച്ച് റോഡ് 495 അടി,
3. നെയ്യാറിൻകര-വിഴിഞ്ഞം റോഡ് 5 മൈൽ, ഇതിനും പുറമെ 17 മൈൽ കോൺക്രീറ്റ റോഡും ഉണ്ട്

Police atrocities.

227. [4] **Shri K. Sattanatha Karayalar**: Will the Home Minister be pleased to state:

(a) whether it is a fact that many of the prisoners of Aikya Tamilnad agitations were tortured in the lock-ups by the police after August 11, 1954;

(b) whether this Government have taken note of the statements made by ex-prisoners about police atrocities; and

(c) if so what steps have been taken to enquire these allegations?

Answer.

(a) No.

(b) Yes.

(c) The matter is under consideration.

മണലിപ്പുലം.

228. [7] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) എറണാകുളം-ഉള്ളൂർ മെയിൻ റോഡിലുള്ള മണലിപ്പുലം തോട് വന്നിരിക്കുന്നതായി ബോർഡ് എഴുതി അയച്ചിട്ട് എത്ര കൊല്ലങ്ങളായി;

(ബി) മണലിപ്പുലം നന്നാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം.

(എ) 15 കൊല്ലമായി.

(ബി) മണലിപ്പുലം നന്നാക്കുവാൻ വേണ്ട എസ്റ്റിമേറുകൾ തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly